(ബി) ഹൈഡൽ പവർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനെപ്പറ്റി വിവരമൊന്നും ലഭിച്ചിട്ടില്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് നടപടി

36 [117] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*

" *ആർ. ബാലകൃഷ്ണ പിള്ള:*

" *ടി. എം. ജേക്കബ്:*

" *ജോണി നെല്ലൂർ:*

" *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് കേരള സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കൊച്ചിയിൽ നടന്ന ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നു എന്നും ദുബായ് സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കേരള ഗവൺമെന്റ് ദുബായ് സർക്കാരുമായി ചർച്ചകൾ നടത്തി കരാറിൽ ഏർപ്പെടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണം എന്നിരിക്കെ അത്തരത്തിലുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ദുബായ് ഇന്റർനെറ്റ് സിറ്റി എത്ര കോടി രൂപയാണ് കൊച്ചിയിൽ മുതൽമുടക്കുന്നത്;

(ഇ) കേരളത്തിൽ നിന്നുള്ള എത്ര ആളുകൾക്ക് എത്ര കാലം കൊണ്ടു തൊഴിൽ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) സംസ്ഥാന സർക്കാർ സൗജന്യമായും വിലയ്ക്കും നൽകുന്ന കെട്ടിടങ്ങളും ഭൂമിയും എത്രയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) കൊച്ചിയിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതു സംബന്ധമായി മന്ത്രിസഭ കൈക്കൊണ്ട തീരുമാനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഐ) സ്മാർട്ട് സിറ്റി സംബന്ധിച്ച് ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരുമായി നടത്തിയ ചർച്ചകളിൽ ഡി.ഐ.സി. യെ പ്രതിനിധീകരിച്ച് ബൈജു ജോർജ്ജ് എന്നൊരാൾ പങ്കെടുത്തിരുന്നുവോ; എങ്കിൽ അദ്ദേഹത്തിന് ഡി.ഐ.സി. യിലെ ഔദ്യോഗിക പദവി എന്താണ്;

(ജെ) സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ഏതെല്ലാം വകുപ്പുകളെ വിവിരം അറിയിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2004 ഒക്ടോബർ മാസത്തിൽ ദുബായിൽ വച്ചും, 2005 ജനുവരി/ഏപ്രിൽ മാസങ്ങളിൽ കേരളത്തിൽ വച്ചും DIC/TECOM അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. സ്മാർട്ട് സിറ്റിക്കുവേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്താൻ വിശദമായ സർവെ നടത്തിയിട്ടുണ്ട്. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരടു ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ട്. അതിൻമേൽ കൂടുതൽ ചർച്ച നടന്നു വരുന്നു. ധാരണാപത്രം ഒപ്പുവച്ചിട്ടില്ലാത്തതിനാൽ സ്മാർട്ട് സിറ്റിക്കുവേണ്ടി മറ്റു നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി) സർക്കാരിനെ പ്രതിനിധീകരിച്ച്

1.	ശ്രീ. പാലാട്ട് മോഹൻദാസ്	–	ചീഫ് സെക്രട്ടറി
2.	„ ജോസ് സിറിയക്	–	പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)
3.	„ ജോൺ മത്തായി	–	പ്രിൻസിപ്പൽ സെക്രട്ടറി (വാണിജ്യം)
4.	ഡോ. കെ. എം. എബ്രഹാം	–	സെക്രട്ടറി (റവന്യൂ)
5.	ശ്രീ. എസ്. ഖൈസനുദ്ദീൻ	–	നിയമ വകുപ്പു സെക്രട്ടറി
6.	„ പി. എച്ച്. കുര്യൻ	–	സെക്രട്ടറി (ഐ.ടി.)

എന്നിവരും, DIC/TECOM-നെ പ്രതിനിധീകരിച്ച്

1.	ശ്രീ. ദീപക് പദ്മനാഭൻ	–	ചീഫ് പ്ലാനിംഗ് ആന്റ് ബിസിനസ്സ് ഡെവലപ്പ്മെന്റ്, DIC.

GPM. 2/564/2012—12

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീമതി ദീപ്തി ജോസ്‌ല – ബിസിനസ്സ് ഡെവലപ്പ്മെന്റ് മാനേജർ, DIC.

3. ശ്രീ. ബാജു ജോർജ്ജ് – സീനിയർ മാനേജർ കൊമേഴ്സ്യൽ പ്രോപ്പർട്ടി പാർട്ണർ റിലേഷൻസ്, DIC.

എന്നിവരും പങ്കെടുത്തിരുന്നു.

(സി) ധാരണാപത്രം ഒപ്പിടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. എന്നാൽ DIC ഒരു വിദേശ ഏജൻസിയായതു കൊണ്ട് കേന്ദ്ര സർക്കാരിന്റെ FDI ക്ലിയറൻസ് ലഭിച്ചതിനുശേഷമേ വിശദമായ കരാറിലേർപ്പെടുകയുള്ളൂ.

(ഡി) 2004 ഡിസംബറിൽ DIC സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 350 ദശലക്ഷം ഡോളർ അതായത്, ഏകദേശം 1500 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി DIC മുതൽ മുടക്കുന്നത്. വിശദമായ പഠനങ്ങൾക്കുശേഷമേ കൃത്യമായ മുതൽ മുടക്ക് എത്രയുണ്ടെന്ന് അറിയാൻ കഴിയൂ.

(ഇ) പത്തുവർഷം കൊണ്ട് 33,300 തൊഴിൽ സൃഷ്ടിക്കുന്നതിൽ ഭൂരിഭാഗവും കേരളത്തിലുള്ളവർക്ക് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്)

1. *സൗജന്യമായി നൽകുന്നത്*

33,300 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്നത് ബ്രഹ്മപുരത്ത് ഇപ്പോൾ സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ അധീനതയിലുള്ള 100 ഏക്കർ തരിശുഭൂമിയാണ്. ഇതിൽ ഏകദേശം 30% താഴ്ന്നു കിടക്കുന്ന പ്രദേശമാണ്. ഈ ഭൂമിക്ക് ഏകദേശം 20 കോടി രൂപ വില വരും.

2. *വിലയ്ക്കു നൽകുന്നത്*

ഇൻഫോ പാർക്ക് സ്ഥിതി ചെയ്യുന്ന 62.27 ഏക്കർ സ്ഥലവും ഇതിനകത്തുള്ള തപസ്യ എന്ന 1,25,000 ചതുരശ്ര അടിയുള്ള കെട്ടിടവും ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന 2,25,000 ചതുരശ്ര അടിയുള്ള വിസ്മയ എന്ന കെട്ടിടവും ഉൾപ്പെടെയുള്ള സ്ഥാവര സ്വത്തുക്കളും 109 കോടി രൂപ വിലയ്ക്ക് നൽകുവാനാണ് ധാരണയായിട്ടുള്ളത്.

3. പദ്ധതിക്കു വേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്ന 136 ഏക്കർ സ്ഥലത്തിന്റെ വിലയായി 36 കോടി രൂപയും DIC-ൽ നിന്നും ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചർച്ചയുടെ മിനിട്ട്സ് ഉണ്ടാക്കിയിട്ടില്ല. പകരം ചർച്ചയിൽ ഉരുത്തിരിഞ്ഞ ധാരണകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ധാരണാപത്രത്തിന്റെ കരടുരൂപം മന്ത്രിസഭയ്ക്കു സമർപ്പിക്കുകയാണ് ചെയ്തത്. ചർച്ചയുടെ വിവരങ്ങൾ 7-5-2005-ലെ ജി.ഒ. (എം.എസ്.) 20/2005/ഐ.റ്റി.ഡി. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) 2005 ഏപ്രിൽ മാസത്തിലെ ചർച്ചകൾക്കുശേഷം മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ കരടു രൂപത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഐ) പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പേര് ബാജു ജോർജ്ജ് എന്നാണ്. അദ്ദേഹം ഡി.ഐ.സി. യുടെ സീനിയർ മാനേജർ കൊമേഴ്സ്യൽ പ്രോപ്പർട്ടി ആന്റ് പാർട്ണർ റിലേഷൻസ് ആണ്.

(ജെ) ഈ പദ്ധതി ഒരു ധാരണാപത്രത്തിന്റെ നിലയിൽ മാത്രമേ എത്തിയിട്ടുള്ളു. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിനെ അറിയിക്കേണ്ട ആവശ്യമില്ല.

സ്മാർട്ട് സിറ്റി കൺസൾട്ടന്റ് നിയമനം

37 [118] *ശ്രീ. പി. ടി. തോമസ്:*

„ *ബി. വിജയകുമാർ:*

„ *എ. സുജനപാൽ:*

„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ നിയമിച്ചതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കൺസൾട്ടൻസി ഫീസ് എത്രയായിരുന്നു?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ ഔദ്യോഗികമായി നിയമിച്ചിട്ടില്ല. എന്നാൽ അടിസ്ഥാന സൗകര്യവികസന പദ്ധതിയ്ക്കായി കേരള സർക്കാരിനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഇന്റർനാഷണൽ ലീസിംഗ് ആന്റ് ഫൈനാൻഷ്യൽ സെർവീസസ് (IL & FS) എന്ന സ്ഥാപനത്തിന്റെ സേവനം ഈ പദ്ധതിയുടെ പ്രാരംഭഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല. ഫീസൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly